(Pages : 3)

**D – 3227**

Reg. No. : ....................................

Name : ........................................

# Third Semester B.A. Degree Examination, December 2017
## Career Related First Degree Programme Under CBCSS
## MALAYALAM AND MASS COMMUNICATION
## Core Course
## MX 1341 : മലയാളകവിത പൂർവ്വഘട്ടം
## (2015 Admission)

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) പാട്ടുപ്രസ്ഥാനത്തിലെ ആദ്യകൃതി ഏത് ?

2) 'മാരിമഴകൾനനഞ്ഞേ' എന്ന പാട്ട് ഏതു വിഭാഗത്തിൽപ്പെടുന്നു ?

3) മലയാളകവിതാസാഹിത്യചരിത്രം എഴുതിയതാര് ?

4) ഭാഷാരാമായണം ചമ്പുവിന്റെ കർത്താവാര് ?

5) തിരുനിഴൽമാല കണ്ടെടുത്തതാര് ?

6) കോലത്തുനാട്ടുരാജാവിന്റെ സദസ്യനായിരുന്ന മലയാളകവി ?

7) മണിപ്രവാളത്തിന്റെ ലക്ഷണമെന്ത് ?

8) കുചേലവൃത്തം വഞ്ചിപ്പാട്ടു രചിച്ചതാര് ?

9) കണ്ണശ്ശക്കവികളിൽ ഒരാളുടെ പേരെഴുതുക.

10) എഴുത്തച്ഛന്റെ ഏതെങ്കിലുമൊരു കൃതി ? **(10×1=10 മാർക്ക്)**

II. **അരപ്പുറത്തിൽ** കവിയാതെ **8** ചോദ്യത്തിന് ഉത്തരമെഴുതുക.

11) മലയാളത്തിലെ നാടൻപാട്ടുകളെ തരം തിരിച്ചിരിക്കുന്നത് എങ്ങനെ ?

12) രാമചരിതത്തിലെ ഭാഷാരീതി എന്ത് ?

13) പാട്ടിന്റെ ലക്ഷണമെഴുതി വിശദീകരിക്കുക.

14) മണിപ്രവാള പ്രസ്ഥാനത്തിലെ വിവിധ സാഹിത്യരൂപങ്ങളേവ ?

P.T.O.

15) ചമ്പു, സന്ദേശകാവ്യം ഇവ തമ്മിലുള്ള വ്യത്യാസം എന്ത് ?

16) കൃഷ്ണഗാഥയുടെ സവിശേഷതകൾ എന്തെല്ലാം ?

17) കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

18) ''പോകിപോകചയനാ, കവിയെനിക്കരുൾ ചെയ്യേ'' – വ്യാഖ്യാനിക്കുക.

19) വാതായനങ്ങളും വീതങ്ങളായിതേ
വാരിവിഹാരവുമവ്വണ്ണമേ – ആശയം വിശദമാക്കുക.

20) ജനകമഹാരാജാവിന്റെ സീതാസ്വയംവര വിളംബരം വ്യക്തമാക്കുക.

21) മടിയാതൊരുവനു പെൺകൊടിയാളെ
ഝടിതികൊടുപ്പാൻ തോന്നുന്നില്ല – ഈ വരികളുടെ ആശയം വ്യക്തമാക്കുക.

22) മുക്തകങ്ങളുടെ സവിശേഷതകൾ വ്യക്തമാക്കുക. **(8×2=16 മാർക്ക്)**

III. **ഒരു** പുറത്തിൽ കവിയാതെ **6** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

23) 'മേതനൽകുക കവീന്ദ്രിരരിൽ മുമ്പുടയ വാ –
ത്മീകിയും പിന്നെ വിയാതനുമെനക്കതികമായ്' – ഈ വരികളുടെ സാംഗത്യം വ്യക്തമാക്കുക.

24) 'കോക ശ്രേണീ വിരഹനിഹിതം തീ നുറുങ്ങെന്റപോലെ' – എന്ന വരികൾ കൊണ്ട് കവി അവതരിപ്പിക്കുന്ന ആശയം വ്യക്തമാക്കുക.

25) സീതാസ്വയംവരത്തിനെത്തുന്ന രാജാക്കന്മാരുടെ വർണന വിശദമാക്കുക.

26) ചെറുശ്ശേരിയുടെ ഹേമന്തവർണ്ണന എപ്രകാരമാണ് ?

27) നളചരിതം മണിപ്രവാളകൃതികളിൽ പ്രഥമഗണനീയമാണെന്ന ഏ. ആറിന്റെ അഭിപ്രായം ചർച്ച ചെയ്യുക.

28) തുള്ളൽക്കൃതികളിൽ പുരാണ സന്ദർഭങ്ങളെ കേരളീയ പരിസരത്തിൽ ആവിഷ്ക്കരിക്കുന്നതാണ് അതിന്റെ രസനീയതയ്ക്കു കാരണം എന്ന അഭിപ്രായം വിലയിരുത്തുക.

29) വഞ്ചിപ്പാട്ടിന്റെ സവിശേഷതകൾ എന്തെല്ലാം ?

30) ചമ്പുവിന്റെ ലക്ഷണമെഴുതി പാഠഭാഗവുമായിച്ചേർത്ത് വിശദീകരിക്കുക.

31) മലയാളത്തിലെ ഭക്തകാവ്യശാഖയെക്കുറിച്ച് വിശദമാക്കുക. **(6×4=24 മാർക്ക്)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക (**രണ്ടെണ്ണം**).

32) രാമചരിതത്തിൽ നിന്നും എഴുത്തച്ഛനിലേക്കുള്ള മലയാള കവിതയുടെ വളർച്ചയെ വിശദീകരിക്കുക.

33) കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്നല്ല, ആധുനിക മലയാളഭാഷയുടെ പിതാവെന്നാണ് എഴുത്തച്ഛനെ ഇന്നു വിശേഷിപ്പിക്കുന്നത് – ഈ അഭിപ്രായം ചർച്ച ചെയ്യുക.

34) ലാളിത്യവും കേരളീയതയും തുള്ളൽകൃതികളുടെ മുഖമുദ്രയാണെന്ന അഭിപ്രായം വിലയിരുത്തുക.

35) ഗാഥാപ്രസ്ഥാനത്തിന്റെ സവിശേഷതകൾ പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദമാക്കുക. **(2×15=30 മാർക്ക്)**